ഹരിതകേരളം മിഷൻ
കേരളസർക്കാർ



## പ്രസിദ്ധീകരണത്തിന്

02.08.2017

# മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം
## വാർഡുതല പരിശീലനം സമാപിച്ചു
### ഗൃഹസന്ദർശനം ഞായറാഴ്ച തുടങ്ങും

കേരളത്തെ സമ്പൂർണ്ണ മാലിന്യരഹിത സംസ്ഥാനമാക്കി മാറ്റാൻ ലക്ഷ്യമിട്ടുള്ള സമഗ്ര ശുചിത്വ-മാലിന്യ സംസ്കരണ പരിപാടിയുടെ മുന്നൊരുക്കങ്ങളുടെ ഭാഗമായി സംസ്ഥാന ഹരിതകേരളം മിഷൻ വിവിധ തലങ്ങളിൽ സംഘടിപ്പിച്ചു വരുന്ന പരിശീലന പരിപാടികളിൽ വാർഡുതല പരിശീലനം പൂർത്തിയായി. കുടുംബശ്രീ പ്രവർത്തകർ, അംഗൻവാടി ടീച്ചർമാർ, ആശാവർക്കർമാർ, സന്നദ്ധ പ്രവർത്തകർ, രാഷ്ട്രീയ സാമൂഹ്യപ്രവർത്തകർ, റിട്ട. ജീവനക്കാർ തുടങ്ങിയവരുൾപ്പെടുന്നവർക്കാണ് കിലയുടെ നേതൃത്വത്തിൽ പരിശീലനം നൽകിയത്. ഇവരെയാണ് വോളണ്ടിയർമാരായി വിവരശേഖരണത്തിനും ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുമായി ഈ മാസം 6 മുതൽ 13 വരെ തീയതികളിൽ ഓരോ വീട്ടിലും സന്ദർശനം നടത്താൻ നിയോഗിച്ചിട്ടുള്ളത്. ആഗസ്റ്റ് 15 ന് നടക്കുന്ന മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം എന്ന പ്രഖ്യാപനത്തിനു മുന്നോടിയായി ഈ മാസം 6 ന് ഞായറാഴ്ച ഗൃഹസന്ദർശനം ആരംഭിക്കും. 50 വീടുകൾക്ക് രണ്ടുപേരെ വീതം വോളണ്ടിയർമാരായി ഇതിനു ചുമതലപ്പെടുത്തിയിട്ടുണ്ട്. വോളണ്ടിയർമാരുടെ ആലോചനായോഗം 05.08.2017 ശനിയാഴ്ച വിളിച്ചു ചേർക്കും. ഗൃഹസന്ദർശന വേളയിൽ നൽകാനുള്ള ചോദ്യാവലി, ലഘുലേഖകൾ, അവസ്ഥാനിർണ്ണയ പഠനരേഖ എന്നിവ യോഗത്തിൽ വിതരണം ചെയ്യുന്നതിനായി ആഗസ്റ്റ് 3-ാം തീയതിയോടെ ലഭ്യമാക്കും.

സ്വാതന്ത്ര്യദിനാഘോഷ ചടങ്ങിൽ മന്ത്രിമാർ ദേശീയ പതാക ഉയർത്തുന്ന ചടങ്ങിനു ശേഷമാണ് മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം എന്ന പ്രഖ്യാപനം നടത്തുന്നത്. ഇതോടെ കേരളത്തെ സമ്പൂർണ്ണ മാലിന്യരഹിത സംസ്ഥാനമാക്കുകയെന്ന മഹായജ്ഞത്തിനു തുടക്കമാവും.

ഡോ. ടി.എൻ. സീമ
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ

റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം - 695 004
ഫോൺ : 0471 2449939, ഇ-മെയിൽ : haritham@kerala.gov.in

I. PR.HKM.2017